## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3164** **21.08.2017 ൽ മറുപടിയ്ക്ക്**

## ഗ്രാമപഞ്ചായത്തുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്** | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) മുനിസിപ്പാലിറ്റികൾ /കോർപ്പറേഷനുകൾ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്നു വിശദീകരിക്കാമോ; | എ) ഉണ്ട്. പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച് പ്രസ്തുത തസ്തിക ആവശ്യമുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് അടിയന്തരമായി ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിലാണ് പ്രസ്തുത ജോലി നിർവ്വഹിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റുമാരെ നിയമിച്ചിട്ടില്ല. |
| സി) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ഏതു വരെയായി; വിശദാംശം നല്കാമോ; | സി) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് 120/ഇപിഎ 1/15 എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത തസ്തിക ആവശ്യമുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് അടിയന്തരമായി ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | 2016 ആഗസ്റ്റിൽ നിലവിൽ വന്ന വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് എത്ര പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്; | ഡി) | പഞ്ചായത്ത് വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഒരാൾക്ക് നിയമനം നൽകിയിരുന്നെങ്കിലും ടിയാൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല. പ്രസ്തുത എൻ.ജെ.ഡി ഒഴിവ് 02.08.2017 ൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഇ) | ടി റാങ്ക് ലിസ്റ്റിൽപ്പെട്ടവരിൽ ഏറിയകൂറും നിശ്ചിത പ്രായപരിധി കഴിഞ്ഞവരായതിനാൽ അക്കാര്യം മാനുഷികമായി പരിഗണിച്ച് മേല്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഇ) | പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ